"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്- നഗരകാര്യം-തിരൂരങ്ങാടി നഗരസഭാ സെക്രട്ടറി ശ്രീ സതീഷ് കുമാർ എം- ന് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്

സ.ഉ(സാധാ) നം.1417/2021/തസ്വഭവ തീയതി,തിരുവനന്തപുരം, 28/07/2021

---

പരാമർശം:- 1. ശ്രീ സതീഷ് കുമാർ എം സമർപ്പിച്ച 05. 05. 2021 തീയതിയിലെ അപേക്ഷ.

2. നഗരകാര്യ ഡയറക്ടറുടെ 31.05.2021 തീയതിയിലെ ഇ2-8835/2021--ാം നമ്പർ കത്ത്.

<u>ഉത്തരവ്</u>

തിരൂരങ്ങാടി നഗരസഭാ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചുവരുന്ന മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III ശ്രീ സതീഷ് കുമാർ.എം, -ന് 2021 ൽ നടക്കുന്ന യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രിലിമിനറി പരീക്ഷയ്ക്കും തുടർന്നുള്ള പരിശീലനത്തിനുമായി 01.06.2021 മുതൽ 6 മാസത്തേക്ക് കെ.എസ്.ആർ ഭാഗം I, അനുബന്ധം XII B പ്രകാരം ശൂന്യവേതനാവധി അനുവദിയ്ക്കുന്നതിലേക്കായി പരാമർശം (1) പ്രകാരം ടിയാൻ അപേക്ഷ സമർപ്പിച്ചിരുന്നു. ടി അവധി അപേക്ഷ നഗരകാര്യ ഡയറക്ടർ ശിപാർശ ചെയ്ത് പരാമർശം (2) പ്രകാരം ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരൂരങ്ങാടി നഗരസഭാ സെക്രട്ടറിയായി സേവനമനുഷ്ഠിക്കുന്ന ശ്രീ എം.സതീഷ് കുമാർ എം-ന് , അക്കൗണ്ടന്റ് ജനറലിന്റെ അംഗീകാരത്തിന് വിധേയമായി , പഠനാവശ്യത്തിനായി ഈ ഉത്തരവ് തീയതിക്ക് ശേഷം ടിയാൻ അവധിയിൽ പ്രവേശിക്കുന്ന തീയതി മുതൽ 30.11.2021 വരെ , കെ.എസ്.ആർ ഭാഗം I, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനുള്ളിൽ ടിയാൻ അവധിയിൽ പ്രവേശിക്കാത്ത പക്ഷം അവധി സ്വമേധയാ റദ്ദാകുന്നതാണ് എന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജെയ്സി പോൾ**

**അണ്ടർ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) , തൃശ്ശൂർ.
ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ. സതീഷ് കുമാർ.എം, മുനിസിപ്പൽ സെക്രട്ടറി, തിരൂരങ്ങാടി നഗരസഭ(നഗരകാര്യ ഡയറക്ടർ മുഖേന).
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ